# സാമ്പത്തിക തകർച്ച സർക്കാരിന്റെ പിടിപ്പ്കേട്

**ആർ. ചന്ദ്രശേഖരൻ**
INTUC  സംസ്ഥാന പ്രസിഡന്റ്

3 കോടി 58 ലക്ഷം ജനങ്ങളുള്ള കേരളത്തിന്റെ സാമ്പത്തിക നില 4.5 ലക്ഷം കോടിയുടെ കടബാധ്യതയിൽ എത്തിയിരിക്കുന്നു. ഇനി കടം എടുക്കുന്നതിലും തടസ്സ ങ്ങൾ വന്നിരിക്കുന്നു.

വരുമാനം കുറവും ചെലവ് വളരെ അധികരിച്ചും പോകുന്നതാണ് ഈ പ്രതിസ ന്ധിയ്ക്ക് കാരണം.  കടമെടുക്കാതെ ദൈനംദിന ചിലവുകൾ പോലും നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽപ്പെട്ടിരിക്കുന്നു സർക്കാർ. ട്രഷറി നിയന്ത്രണം അനിവാര്യമാ ണെന്ന് ധനമന്ത്രി പറയുമ്പോൾ എന്ന് ട്രഷറി പൂട്ടും എന്ന അവസ്ഥയിലാണ് പൊതുധന കാര്യ സ്ഥിതി എന്നതാണ് യാഥാർത്ഥ്യം. പ്രത്യുൽപാദനപരമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി സാമ്പത്തിക സമാഹരണം നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ട താണ് ഈ ഗുരുതര പ്രതിസന്ധിയ്ക്ക് മുഖ്യകാരണം.

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 163 പൊതുമേഖലാ സ്ഥാപനങ്ങ ളിൽ 32 സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടു. അവശേഷിക്കുന്ന 131 സ്ഥാപനങ്ങളിൽ 34 എണ്ണം - ഉല്പന്ന ഉല്പാദന മേഖലകളിലും, 31 എണ്ണം - പശ്ചാത്തല വികസന രംഗത്തും, 23 എണ്ണം - സേവന- വ്യാപാര - ഉപദേശക മേഖലകളിലും, 18 എണ്ണം - പര മ്പരാഗത ക്ഷേമമേഖലകളിലും, 12 എണ്ണം - കാർഷിക, തോട്ടം, മൃഗപരിപാലന മേഖലക ളിലും, 6 എണ്ണം - സാമ്പത്തിക മേഖലകളിലും, 4 എണ്ണം - അത്യാവശ്യ സർവ്വീസ് മേഖ ലകളിലും പ്രവർത്തിക്കുന്നു.

ഉല്പന്ന ഉല്പാദന മേഖലകളിൽ ഉൾപ്പെട്ട 34 സ്ഥാപനങ്ങളിൽ ബഹുഭൂരിപ ക്ഷവും ഉല്പാദന സ്തംഭനത്തിലും, അടച്ചുപൂട്ടലിലും ആണ്. പല സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് ശമ്പളവും, ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. റിട്ടയർ ചെയ്ത് പോകു ന്നവർക്ക് നിയമാനുസൃതമുള്ള ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. ലാഭകരമാ ക്കാൻ എന്ന പേരിൽ ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുടെ ഉപദേശത്തിൽ നിയമവിരുദ്ധമായി വ്യവസായ സ്ഥാപനങ്ങളിൽ കരാർ തൊഴിലാളികളെ ഉപയോഗിച്ച് ഉൽപാദന പ്രവർത്തനങ്ങൾ നടത്തുന്നു.  തുച്ഛമായ വേതനത്തിൽ തൊഴിലാളി ചൂഷണ മാണിത്.  തൊഴിലാളി വർഗ്ഗ സർക്കാർ ഒരിക്കലും അനുവർത്തിക്കാൻ പാടില്ലാത്താണ് ഇത്.  തൊഴിലാളികളുടെ വിശപ്പിന് വില പറയുന്ന ഈ പ്രാകൃത സമ്പ്രദായം ആധുനിക അടിമത്വമാണ്.  ഈ രീതി അവലംബിച്ചിട്ടും പല സ്ഥാപനങ്ങളും ഇന്നും നഷ്ടത്തിൽ തന്നെ.  സംസ്ഥാനത്തെ 5 കേന്ദ്ര ടെക്സ്റ്റയിൽ മില്ലുകളും, സംസ്ഥാന പൊതുമേഖല യിലെ മില്ലുകളും സ്തംഭനാവസ്ഥയിലാണ്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ക്രിയാത്മകമായ നടപടികൾ സർക്കാരുകൾ സ്വീകരിക്കുന്നില്ല.  ഈ രംഗത്തെ വമ്പൻ കോർപ്പറേറ്റുകളും സ്വകാര്യ വൻകിട വ്യവസായികളും ബോധപൂർവ്വം സൃഷ്ടിച്ച പ്രതി

സന്ധിയാണിത്.  സർക്കാർ സ്വീകരിക്കുന്ന കയറ്റുമതി – ഇറക്കുമതി നയങ്ങൾ ഈ മേഖലയെ തകർത്തിരിക്കുന്നു.

പശ്ചാത്തല വികസന മേഖലകളിലെ 31 സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായും പ്രവർത്തനപരമായും ഊർദ്ധശ്വാസം വലിക്കുകയാണ്. ഹൗസിംഗ് ബോർഡ് പോലുള്ള മഹത്തായ സ്ഥാപനങ്ങൾ പൂർണ്ണമായും തകർന്നു കഴിഞ്ഞു. വേണ്ടപ്പെട്ട പലരെയും കുടിയിരുത്താനായി ഒരേ മേഖലയിൽ പല പേരുകളിലായി പുതിയ പുതിയ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതല്ലാതെ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. രാജ്യത്താദ്യമായി ടെക്നോപാർക്ക് എന്ന ആശയം നടപ്പാക്കിയത് കേരളമാണെങ്കിലും, ഇന്ന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ സ്ഥിതി വളരെ പിന്നിലാണ്.

ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനത്ത് വിദ്യാസമ്പന്നരായ അഭ്യസ്തവിദ്യരുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ കഴിയുന്ന കമ്പ്യൂട്ടർ അധിഷ്ടിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. പരിസ്ഥിതി സൗഹൃദ വ്യവസായമെന്ന നിലയിലും മലീനികരണം സൃഷ്ടിക്കാത്ത വ്യവസായം എന്ന നിലയിലും വമ്പിച്ച  കയറ്റുമതി സാധ്യതയുള്ള ഈ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിലും ഗുണഫലം നേടുന്നതിലും സർക്കാർ പൂർണ്ണപരാജയമാണ്.

പരമ്പരാഗത ക്ഷേമസ്ഥാപനങ്ങളിൽ ഉൾപ്പെട്ട 18 സ്ഥാപനങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. പലതും ഗുരുതരമായ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നു. ജീവനക്കാർക്ക് തൊഴിലും വരുമാനവും നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഈ രംഗത്തെ ഏറ്റവും വലിയ സ്ഥാപനം കാഷ്യു കോർപ്പറേഷൻ ആണ്. 3.5 ലക്ഷത്തോളം തൊഴിലാളികൾ ഉള്ള ഈ മേഖലയിൽ UDF ന്റെ കാലത്ത് ഏറ്റവും കൂടുതൽ തൊഴിലും വരുമാനവും തൊഴിലാളികൾക്ക് നൽകിയിരുന്നു. എന്നാൽ ഇന്ന് ഈ സ്ഥാപനങ്ങളെല്ലാം പ്രവർത്തനരഹിതമായി തൊഴിലാളികൾ പട്ടിണിയിലാണ്.

വളരെ വികസന സാധ്യതയും കയറ്റുമതിയ്ക്ക് അവസരവുമുള്ള കൈത്തറി വ്യവസായം തകർച്ചയിലാണ്.  കൈത്തറി വികസന കോർപ്പറേഷൻ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം തകർന്നിരിക്കുന്നു.

കാർഷിക, തോട്ടം, മൃഗപരിപാലന മേഖലയിൽപ്പെട്ട 11 സ്ഥാപനങ്ങളിൽ പലതും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇവിടെയും തൊഴിലും, വരുമാനവും ഇല്ലാത്ത അവസ്ഥയാണ്. കാർഷിക ഉല്പന്നങ്ങൾക്കും, തോട്ടം വിളകൾക്കും, പാൽ ഉൾപ്പെടെയുള്ള മൃഗപരിപാലന രംഗത്തെ ഉല്പന്നങ്ങൾക്കും ന്യായമായ വില ഉല്പാദകർക്ക് ലഭിക്കുന്നില്ല. ഇടനിലക്കാരും, മൂല്ല്യവർദ്ധിത ഉല്പന്ന നിർമ്മാതാക്കളും ഈ രംഗത്ത് വൻ ലാഭം നേടുമ്പോൾ ഇതിനെതിരെ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

സാമ്പത്തിക മേഖലകളിലെ 6 സ്ഥാപനങ്ങളും നഷ്ടത്തിന്റെയും തകർച്ചയുടെയും പാതയിലാണ്. സർക്കാരിന്റെ പ്രവർത്തന വൈകല്യത്തിന്റെ വ്യക്തമായ ഉദാഹരണമാണിത്. സ്വകാര്യ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ കോടികളുടെ ലാഭം നേടുന്ന അവസ്ഥയിൽ രാഷ്ട്രീയ അതിപ്രസരം മൂലം KFC, KSFE, കേരള പവർ ആന്റ്

ഇൻഫ്രാസ്ട്രക്ച്ചർ കോർപ്പറേഷൻ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അർബർ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം തകർച്ചയിൽ എത്തിയിരിക്കുന്നു.

അത്യാവശ്യ സേവന മേഖലയിൽ ഉൾപ്പെട്ട 4 സ്ഥാപനങ്ങളായ KSRTC യും KSEB യും SWIFT ഉം വാട്ടർ അതോറിറ്റിയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. ഈ നാല് മേഖലകളും സ്വകാര്യവൽക്കരിക്കാനുള്ള നിയമനിർമ്മാണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ സംസ്ഥാന സർക്കാരും ഇതേ പാതയിലാണ്. സ്വിഫ്റ്റ് പ്രവർത്തനപരമായി ഏതാണ്ട് സ്വകാര്യവൽക്കരണത്തിലായി കഴിഞ്ഞു. ശമ്പള വും, പെൻഷനും ഈ സ്ഥാപനങ്ങളിലെല്ലാം മുടങ്ങുന്നു. നിയമാനുസൃതം ജീവന ക്കാർക്ക് നടപ്പാക്കേണ്ട ശമ്പള വർദ്ധനവും, ക്ഷാമബത്തയും നൽകപ്പെടുന്നില്ല. സ്ഥാപന ങ്ങളുടെ വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല. എന്നാൽ ഇലക്ട്രിസിറ്റി, ബസ്സ് ചാർജ്ജ്, വെള്ളം ചാർജ്ജ് എന്നിവ യാതൊരു മാനദണ്ഡങ്ങളും ഇല്ലാതെ വർദ്ധിപ്പിച്ച് ജനങ്ങളെ ദുരിതത്തിലാക്കുന്നു.

തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലാകുന്നതിന് കാരണമെന്ന് 2 ലക്ഷം മുതൽ മുകളിലോട്ട് ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥർ സർക്കാരിന് ഉപദേശം നൽകുമ്പോൾ അതിനെ പിൻതു ണച്ച് സർക്കാരും മാധ്യമങ്ങളും തൊഴിലാളികളെ പരിഹസിക്കുന്നു.

ഒരു സ്ഥാപനത്തിലും സ്ഥിരം തൊഴിലുകൾ ഇല്ല. എല്ലാം കരാർവൽക്കരിക്കുകയാ ണ്. തൊഴിൽ നിയമങ്ങളെല്ലാം അവഗണിക്കുന്നു. തൊഴിൽ വകുപ്പിനെ നിർജ്ജീവമാക്കി യിരിക്കുന്നു. തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ പരാതികൾ നൽകിയാൽ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നില്ല. തൊഴിൽ തർക്കത്തിൽ നിയമപരമായ ത്രികക്ഷി തല കൂട്ടായ വിലപേശലും ചർച്ചകളും ഉണ്ടാകുന്നില്ല. തൊഴിലുടമകൾ തൊഴിലാളി കൾക്കെതിരെ കോടതിയിൽ സമർപ്പിക്കുന്ന കേസ്സുകൾ ഒഴിവാക്കാൻ നടപടികൾ ഉണ്ടാ കുന്നില്ല. സർക്കാർ പുറപ്പെടുവിക്കുന്ന മിനിമം വേതന ഉത്തരവിനെതിരെ 9 മേഖലക ളിൽ തൊഴിലുടമകൾ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചിരിക്കു ന്നു. ഇതിനെതിരെ സർക്കാർ കർശന നടപടികൾ സ്വീകരിക്കുന്നില്ല.

തൊഴിലാളി ക്ഷേമനിധികളെല്ലാം തകർച്ചയിലാണ്. പെൻഷനും, ആനുകൂല്യ ങ്ങളും വർഷങ്ങളായി നിഷേധിക്കപ്പെട്ടിരിക്കുന്നു. കെട്ടിട നിർമ്മാണ ക്ഷേമനിധിയി ലേയ്ക്ക് സെസ്സ് ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുക്കുന്നില്ല. ഇതുമൂലം 25000 കോടി രൂപയാണ് ക്ഷേമനിധി ബോർഡിന് നഷ്ടമായിരിക്കുന്നത്. ഫണ്ട് ഇല്ലാത്ത തിനാൽ പെൻഷനും ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. സ്വർണ്ണ വ്യാപാരികളുടെ സ്വാധീനത്താൽ സെസ്സ് പിരിവ് ഒഴിവാക്കിയതിലൂടെ ആഭരണ തൊഴി ലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്നു.

വികസിത രാജ്യങ്ങളെപോലെ വ്യവസായ വാണിജ്യ മേഖലകളിൽ ലാന്റ്-ലേബർ- കാപ്പിറ്റൽ എന്ന അടിസ്ഥാനതത്വം അംഗീകരിച്ച് പ്രവർത്തിക്കേണ്ടുന്നതിന് പകരം തങ്ങ ളുടെ വാണിജ്യ താല്പര്യം മാത്രം മുൻനിർത്തി IMF ഉം വേൾഡ് ബാങ്കും നിർദ്ദേശിക്കു

ന്നതനുസരിച്ച് കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ ഉല്പാദന-കയറ്റുമതി-ഇറക്കുമതി നയ രൂപീകരണം നടത്തുന്നതും അത് ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതുമാണ് പ്രതിസന്ധിക്ക് കാരണം.

എല്ലാ അടിസ്ഥാന മാനദണ്ഡങ്ങളും ലംഘിച്ച് രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ പെരുപ്പിച്ച് കാണിക്കുന്ന അളവും തോതും, നിയമാനുസൃത ഊഹക്കച്ചവടമായ ഓഹരി കമ്പോളത്തിലെ അനിയന്ത്രിത കിടമത്സര പ്രവർത്തനങ്ങളും സാമ്പത്തികമേഖല നിയന്ത്രിക്കുന്നതിന്റെ പരിണിതഫലമാണ് ഇന്ന് രാജ്യവും സമൂഹവും നേരിടുന്ന പ്രധാന പ്രശ്നം.

രാജ്യം 187 ലക്ഷം കോടിയുടെയും, സംസ്ഥാനം 4.5 ലക്ഷം കോടിയുടെയും കടബാദ്ധ്യതയിൽ പെട്ടിരിക്കുമ്പോൾ സമൂഹത്തിലെ തൊഴിലാളികളും, സാധാരണക്കാരായ ജനങ്ങളും ജീവിതാവശ്യങ്ങൾക്കായി വൻ കടബാദ്ധ്യതയിലാണ്. അമിതമായ പലിശ ഇനത്തിലും, സേവന പ്രതിഫലത്താലും ഇവർ സൂഷ്മ കൊള്ളയടിക്ക് വിധേയമായിരിക്കുന്നു. എല്ലാ രീതിയിലും താളം തെറ്റിയ ജീവിതാവസ്ഥയിലാണ് രാജ്യവും ജനങ്ങളും.

ജനസംഖ്യയിലും, ജനസാന്ദ്രതയിലും ലോകത്തെ ഒന്നാമതായ ഇൻഡ്യ ഖനന വിഭവങ്ങളിലും, കാർഷിക ഉല്പാദന വിഭവങ്ങളിലും സമ്പന്നമാണ്. മനുഷ്യ വിഭവശേഷിയിലും, വാണിജ്യ കമ്പോളരംഗത്തും ഇൻഡ്യയുടെ ശക്തി മറ്റൊരു രാജ്യത്തിനും ഇല്ല. ഇവയെ കോർത്തിണക്കി വ്യവസായ-ഉല്പാദന പ്രവർത്തനങ്ങളും, വാണിജ്യമേഖലയും, ആധുനിക സാങ്കേതിക വിദ്യകൾ കരസ്ഥമാക്കി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, ഇന്ദിരാഗാന്ധിയും അവലംബിച്ച സാമ്പത്തിക-വ്യാവസായ നയങ്ങൾ രാജ്യം തുടർന്നിരുന്നു എങ്കിൽ ഉയർന്ന ജനജീവിത നിലവാരത്തിൽ രാജ്യം എത്തുമായിരുന്നു. ഇതിന്റെ തെളിവ് രാജ്യവും സമൂഹവും കണ്ടറിഞ്ഞതാണ്. ലോക സാമ്പത്തിക ശക്തിയായ അമേരിക്കയിൽ ലെഹ്മാൻ എന്ന സ്വകാര്യ ധനകാര്യ സ്ഥാപനത്തിന്റെ 2008 ലെ തകർച്ചമൂലം അമേരിക്കയും ലോകരാജ്യങ്ങളും സാമ്പത്തിക പ്രതിസന്ധിയിലായപ്പോൾ ഒരു പോറൽപോലും ഏൽക്കാതെ ഈ രാജ്യം പിടിച്ചുനിന്നത് നെഹ്റു തുടർന്നു വന്ന സാമ്പത്തിക വ്യവസായ നയങ്ങളുടെ ശക്തിയിലാണ്.

പരിമിതമായ ജനസംഖ്യയും, ആവശ്യത്തിലധികം വൻ ഉല്പാദനവുമുള്ള രാജ്യങ്ങൾ തങ്ങളുടെ ഉല്പന്നങ്ങളുടെ വിപണി കേന്ദ്രീകരിച്ച് കയറ്റുമതി, ഇറക്കുമതി നയങ്ങൾ രൂപപ്പെടുത്തി ആഗോള വിപണി എന്ന ആശയം മുന്നോട്ടുവയ്ക്കുമ്പോൾ അത് നമുക്ക് തിരിച്ചടിയാകും എന്ന പ്രാഥമിക ബോധം ഭരണകൂടത്തിനുണ്ടാകേണ്ടതാണ്. അതുണ്ടാകുന്നില്ല എന്നതാണ് ഇന്നത്തെ ദുരവസ്ഥയ്ക്ക് മറ്റൊരു കാരണം.

വിപണിയും ഉല്പാദനവും ആഗോള തലത്തിലാകുമ്പോൾ തൊഴിലാളികളുടെ വേതനവും മറ്റ് മനുഷ്യ ജീവിത സാഹചര്യങ്ങളും സ്വാഭാവികമായി ആഗോളതലത്തിലായി മാറേണ്ടതാണ്. ലോകവും രാജ്യവും വികസനത്തിന്റെയും, സമഗ്ര വികസനത്തിന്റെയും, പുരോഗതിയുടെയും ആഹ്ലാദാരവങ്ങൾ മുഴക്കുമ്പോൾ തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിതം 19-ാം നൂറ്റാണ്ടിലെ അടിമത്വത്തിന് സമാനമായി മാറുന്നു. ഇതിനെ ആധുനിക അടിമത്വമെന്ന് വിശേഷിപ്പിക്കാം.

കേരളത്തിലെ 3.58 കോടി ജനങ്ങളിൽ 2.75 കോടി വോട്ടർമാരുണ്ട്. ഇതിൽ 1.62 കോടിയും വിവിധ മേഖലകളിലായി പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. തൊഴിലുറപ്പ് രംഗത്ത് 61 ലക്ഷവും, നിർമ്മാണമേഖലയിൽ 38 ലക്ഷവും, വ്യാപാര രംഗത്ത് 35 ലക്ഷവും, മോട്ടോർ വിഭാഗത്തിൽ 16 ലക്ഷവും, മത്സ്യരംഗത്ത് 12 ലക്ഷവും, കാർഷിക മേഖലയിൽ 8 ലക്ഷവും, കയർ മേഖലയിൽ 4 ലക്ഷവും, ഫാക്ടറി തൊഴിലാളികളായി 4 ലക്ഷവും, കശുവണ്ടി മേഖലയിൽ 3.5 ലക്ഷവും, ഐ.ടി. അനുബന്ധ മേഖലകളിൽ 3.5 ലക്ഷവും, കരകൗശലരംഗത്ത് 1.7 ലക്ഷവും, ചുമട്ട് തൊഴിലാളികളായി 1.5 ലക്ഷവും, പ്ലാന്റേഷൻ മേഖലയിൽ 1 ലക്ഷവും, ആശ-അംഗനവാടി- NHM -പാലിയേറ്റീവ് കെയർ-സ്കൂൾ പാചക തൊഴിലാളികൾ എന്നീ മേഖലകളിലായി 1.25 ലക്ഷവും, ലോട്ടറി രംഗത്ത് 2 ലക്ഷവും വരുന്ന തൊഴിലാളി സമൂഹം പണിയെടുക്കുമ്പോൾ ഇവരുടെ അദ്ധ്വാനമാണ് സംസ്ഥാനത്തിന്റെ 11 ലക്ഷം കോടിയുടെ ആഭ്യന്തര ഉല്പാദനം. ഈ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തി മെച്ചപ്പെട്ട ജീവിത സാഹചര്യത്തിലേയ്ക്ക് ഇവരെ ഉയർത്തുന്നതിലും ഇവിടെ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ ദുരിതത്തിലാണ് സംസ്ഥാനത്തെ തൊഴിലാളികൾ. ഈ തിരിച്ചറിവ് രാഷ്ട്രീയ പാർട്ടികൾക്കും പൊതുസമൂഹത്തിനും ഉണ്ടാകേണ്ടതുണ്ട്.

*****